പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2052 **26-10-2026-ൽ മറുപടിയ്ക്ക്**

വ്യാജ മരുന്നുകളുടെ ഉൽപാദനവും വിതരണവും തടയാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഉത്തരവുകൾ പൂർണ്ണമായും പാലിക്കാതെ പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പുകളിലെ വ്യാജ, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ കടന്നുകയറ്റവും കച്ചവടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ഉൽപാദനവും വിതരണവും അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ വ്യാജ മരുന്നുകളുടെ വ്യാപകമായ കടന്നുകയറ്റം ശ്രദ്ധിക്കപ്പെട്ടിട്ടില്ല. എന്നാൽ വകുപ്പിന്റെ പതിവ് പരിശോധനകളിൽ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ കണ്ടെത്താറുണ്ട്.

ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ കണ്ടെത്തുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

- വകുപ്പിലെ ഉദ്യോഗസ്ഥർ മൊത്ത/ചില്ലറ മരുന്ന് വില്പനശാലകൾ, ആശുപത്രി ഫാർമസികൾ, നിർമ്മാണ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിരന്തര പരിശോധന നടത്തുകയും റാൻഡമായി നിശ്ചിത എണ്ണം മരുന്ന് സാമ്പിളുകൾ ശേഖരിച്ച് വകുപ്പിന്റെ നാല് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലായാണ് വകുപ്പിന്റെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നത്. ഇവയിൽ തിരുവനന്തപുരം, എറണാകുളം ലബോറട്ടറികൾ NABL അക്രെഡിറ്റഡ് ആണ്.

- പരിശോധന ഫലങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകൾ ഗുണനിലവാരം ഇല്ലാത്തതായി പ്രഖ്യാപിച്ചാൽ പ്രസ്തുത ബാച്ചിന്റെ വില്പനയും വിതരണവും അടിയന്തരമായി തടയുകയും വിപണിയിലുള്ള സ്റ്റോക്ക് നിർമ്മാതാക്കൾ, വിതരണക്കാർ എന്നിവർ മുഖേന ഉടൻ തിരിച്ചുവിളിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

- പൊതുജനങ്ങളുടെയും ഡോക്ടർമാരുടെയും വ്യാപാരികളുടെയും അറിവിലേയ്ക്കായി, മാധ്യമങ്ങൾ വഴിയും വകുപ്പിന്റെ വെബ്സൈറ്റ് വഴിയും ഗുണനിലവാരം ഇല്ലാത്ത മരുന്നുകളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

- നിലവിലുള്ള സാബ്ലിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികളോ വകുപ്പ് തല നടപടികളോ സ്വീകരിക്കാറുണ്ട്.

- ഗുണനിലവാരം ഇല്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നു നിർമ്മാണ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അതത് സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോളർമാർക്ക് വിശദാംശങ്ങൾ കൈമാറാറുണ്ട്.
- സംസ്ഥാനത്തെ മരുന്നു നിർമ്മാണ യൂണിറ്റുകളിൽ സെൻട്രൽ ഡ്രഗ്സ് കൺട്രോൾ ഓർഗനൈസേഷൻ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും അപാകതകൾ കണ്ടെത്തുന്ന പക്ഷം സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

  വ്യാജ മരുന്നുകൾ വിപണിയിൽ വരുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ ഡബിൾ ചെക്ക്' എന്ന പേരിൽ ഒരു പരിശോധനയും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ